ഉത്തരം

കാസർഗോഡ് ഒരു സപ്തസ്വരകേന്ദ്രം ആരംഭിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി സർക്കാരിൽ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താനാവാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനായിട്ടില്ല.

കരുമാടിക്കുട്ടൻ സ്മാരകം

103 (3071) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുമാടിക്കുട്ടൻ സ്മാരകം ആരുടെ നിർദ്ദേശപ്രകാരമാണ് പുനരുദ്ധരിച്ചത് ; പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായോ എന്നും എത്ര തുക അതിനായി ചെലവായിയെന്നും വ്യക്തമാക്കാമോ ;

(ബി) കരുമാടിക്കുട്ടൻ സ്മാരകവും പരിസരവും സൗന്ദര്യവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കരുമാടിക്കുട്ടൻ സ്മാരകം കേരള പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായതിനാൽ പുരാവസ്തുവകുപ്പിന്റെ ചുമതലയിലും തനതു ഫണ്ട് ഉപയോഗിച്ചുമാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾക്കായി 15.67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കരുമാടിക്കുട്ടൻ സ്മാരകവും പരിസരവും സൗന്ദര്യവത്ക്കരിക്കുന്ന പദ്ധതി പുരാവസ്തു വകുപ്പിന്റെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പൈതൃക നിർമ്മിതികൾ

104 (3072) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'സംസ്ഥാനത്ത് അവശേഷിക്കുന്ന പൈതൃകനിർമ്മിതികളെ കണ്ടെത്തി സംരക്ഷിക്കുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്'?

LIBRARY ARCHIVES Kerala Legislative Assembly